പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3252 16.12.2015-ൽ മറുപടിക്ക്

## ക്ഷീരകർഷകർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മോൻസ് ജോസഫ് | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർക്ക് പെൻഷൻ നല്കുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ; | (എ) ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗത്വം നേടിയ ശേഷം 5 വർഷം ഏതെങ്കിലും ഒരു ക്ഷീരസംഘത്തിൽ പ്രതിവർഷം 500 ലിറ്ററിൽ കുറയാത്ത അളവിൽ പാലളക്കുകയും 60 വയസ്സ് പൂർത്തിയാവുകയും ചെയ്യുന്ന ക്ഷീരകർഷകന് പെൻഷൻ അപേക്ഷ സമർപ്പിക്കാവുന്നതും, ക്ഷീരകർഷക ക്ഷേമനിധി ബോർഡ് തീരുമാനപ്രകാരം പെൻഷൻ അനുവദിക്കുന്ന മുറയ്ക്ക് പ്രതിമാസം 500/- രൂപ നിരക്കിൽ പെൻഷൻ തുക നേരിട്ട് കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നതാണ്. കൂടാതെ, അംഗം മരണപ്പെട്ട് പോകുമ്പോൾ അംഗത്തിന്റെ നിയമാനുസൃതമായ നോമിനിയ്ക്ക് പ്രതിമാസം 150/- രൂപ നിരക്കിൽ കുടുംബപെൻഷനും ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിച്ചുവരുന്നു. |
| (ബി) ക്ഷീരസംഘങ്ങളുടെ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ ഫണ്ടും എൽ.എ.സി.-എ.ഡി.എഫ്.- ഉം നല്കുന്ന കാര്യത്തിൽ ഇന്ന് നിലനിൽക്കുന്ന നിയന്ത്രണങ്ങൾ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) ക്ഷീരസഹകരണ സംഘങ്ങളുടെ കെട്ടിടനിർമ്മാണത്തിന് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുന്നതിന് ഉതകും വിധം മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തി 24.06.2014 ലെ സ.ഉ. (അച്ചടിച്ചത്) 238/2014/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. ക്ഷീരസഹകരണ സംഘങ്ങളുടെ കെട്ടിടനിർമ്മാണത്തിന് എം.എൽ.എ മാരുടെ ആസ്തിവികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നല്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റയും തീറ്റപ്പുല്ലും വിതരണം ചെയ്യുന്നതിനും പാലിന് കൂടുതൽ വില നല്കുന്നതിനും നടപടി സ്വീകരിയ്ക്കുമോ?. | (സി) ക്ഷീരകർഷകർക്ക് വർഷം മുഴുവനും തീറ്റപ്പുൽ ലഭ്യമാക്കുന്നതിലേയ്ക്കായി, ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽ കൃഷി വികസന പരിപാടി നടപ്പിലാക്കുന്നു. സൗജന്യമായി ക്ഷീരകർഷകർക്ക് പുൽക്കടകൾ ഈ പദ്ധതി വഴി വിതരണം ചെയ്യുക, അസോള, ചോളം തുടങ്ങിയവ കൃഷി ചെയ്യുന്നതിന് സബ്സിഡി |

നല്കുക, ട്രാൻസ്പോർട്ടേഷൻ കോസ്റ്റ്, ജലസേചനത്തിനുള്ള സഹായം നല്കുക തുടങ്ങിയവ ഈ പദ്ധതി വഴി നടപ്പിലാക്കിവരുന്നു. ക്ഷീരസഹകരണ സംഘങ്ങൾ വഴി വാങ്ങുന്ന കാലിത്തീറ്റയ്ക്ക് കാലിത്തീറ്റ സബ്സിഡി പദ്ധതി മുഖാന്തിരം ധനസഹായം ക്ഷീരകർഷകർക്ക് നല്കിവരുന്നു.

കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ അവരുടെ പ്രവർത്തനലാഭത്തിൽ നിന്നും കാലിത്തീറ്റ സബ്സിഡിയും സംഭരിക്കുന്ന പാലിന് ഇൻസെന്റീവും നല്കിവരുന്നു. ഉല്പാദനച്ചെലവും വിപണിയിലെ മാറ്റങ്ങൾക്കും അനുസൃതമായി ക്ഷീരകർഷകരുടെ താല്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ട് മിൽമയുടെ ഭരണസമിതി പാൽവില സംബന്ധിച്ച യുക്തമായ തീരുമാനങ്ങൾ കാലാകാലങ്ങളിൽ കൈക്കൊണ്ടുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ